(ബി) 410 ആജീവനാന്ത മെമ്പർമാരും 25 സാധാരണ മെമ്പർമാരും ഉണ്ട്. ആജീവനാന്ത മെമ്പർ ഫീസ് 1000 രൂപയും സാധാരണ മെമ്പർ ഫീസ് 200 രൂപയുമാണ്. മെമ്പർഷിപ്പ് ഫീസിനത്തിൽ 4,15,000 രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഈ സ്ഥാപനത്തിൽ എല്ലാ കാറ്റഗറിയിലും കൂടി 191 ജീവനക്കാർ ഉണ്ട്. ഇവരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സെക്രട്ടറിയാണ് ജീവനക്കാരെ നിയമിക്കുന്നത്.

(ഡി) ഗ്രാന്റ്-ഇൻ-എയ്ഡ് ആയി 84,72,000 രൂപ ലഭിച്ചിട്ടുണ്ട്. 35,00,000 രൂപ ആശുപത്രിക്ക് ആവശ്യത്തിനുള്ള ഉപകരണങ്ങൾ വാങ്ങാനും മറ്റ് ചെലവുകൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. ബാക്കി തുക ഗോൾഡൻ ജൂബിലി ബ്ലോക്ക് നിർമ്മാണത്തിനായി എസ്.ബി.ടി.യിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. അന്വേഷണം നടന്നുവരുന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) മെഡിക്കൽ കോളേജ് ആശുപത്രി ലാബിലെ പരിശോധനയ്ക്കുള്ള ഫീസ് സംബന്ധിച്ച വിവരവും എച്ച്.ഇ.എസ്. ലാബിലെ പരിശോധനയ്ക്കുള്ള ഫീസ് നിരക്ക് സംബന്ധിച്ച പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(എച്ച്) ഉണ്ട്. ആശുപത്രിയിലെ ചില മുറികൾ സൊസൈറ്റിയുടെ ചെലവിൽ നവീകരിക്കുകയും അവികട കിടത്തി ചികിത്സിക്കുന്ന രോഗികളിൽ നിന്നും സംഭാവന കൂപ്പൺ നൽകി പ്രതിദിനം നൂറുരൂപ നിരക്കിൽ സൊസൈറ്റി സംഭാവന പിരിക്കുന്നുണ്ട്.

(ഐ) ഈ ഇനത്തിൽ ലഭിക്കുന്ന വരുമാനം സർക്കാരിലേയ്ക്ക് അടയ്ക്കാറില്ല.

(ജെ) എസ്.എ.ടി. ആശുപത്രി വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. എച്ച്. ഇ. എസ്സിന്റെയും എച്ച്.ഡി.എസ്സിന്റെയും പ്രവർത്തനം ഏകോപിപ്പിക്കുവാനുള്ള നിർദ്ദേശം പ്രാവർത്തികമാക്കുവാൻ നിയമതടസ്സംമൂലം സാധിക്കുകയില്ല.

ആശുപത്രി ഡവലപ്മെന്റ് സൊസൈറ്റിയിൽ ആഡിറ്റ് നടത്താൻ നടപടി

164 (3879) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി (എച്ച്.ഡി.എസ്.) പേയിംഗ് കൗണ്ടർ, മെഡിക്കൽസ്റ്റോർ എന്നിവിടങ്ങളിൽ നിന്നും 2003 മേയ് മാസത്തിൽ എത്ര തുക ലഭിക്കുകയുണ്ടായി ;

(ബി) എച്ച്.ഡി.എസ്. പേയിംഗ് കൗണ്ടർ എന്നിവിടങ്ങളിൽ സ്ഥിരമായി എത്ര ദിവസവേതന ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ജി.ഒ. (പി) 1187/99/ഫിൻ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 3-4-1999-ലെ എച്ച്.ഡി.എസ്. തീരുമാനിച്ച വേതനം പേയിംഗ് കൗണ്ടറിലെ ജീവനക്കാർക്ക് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ; പ്രസ്തുത ജീവനക്കാരോടുള്ള വിവേചനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എച്ച്.ഡി.എസ്. പേയിംഗ് കൗണ്ടർ എന്നിവിടങ്ങളിൽ പൂർണ്ണമായി ആഡിറ്റ് നടത്തിയിട്ട് എത്ര കാലമായി ; ആഡിറ്റ് നടത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റിയിലേക്ക് 2003 മെയ് മാസം 21,20,000 രൂപയും പേയിംഗ് കൗണ്ടറിൽ മരുന്ന് വിറ്റ ഇനത്തിൽ 87,00,000 രൂപയും ലഭിക്കുകയുണ്ടായി.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി എച്ച്.ഡി.എസ്.ന്റെ കീഴിൽ 194 ദിവസ വേതനക്കാരും, പേയിംഗ് കൗണ്ടറിൽ 108 ദിവസവേതനക്കാരും ജോലി ചെയ്യുന്നുണ്ട്.

(സി) പേയിംഗ് കൗണ്ടർ ജീവനക്കാരിൽ 41 പേർക്ക് ജി.ഒ. (പി) 1187/99/ഫിൻ എന്ന സർക്കാർ ഉത്തരവുപ്രകാരം വേതനം നൽകുന്നുണ്ട്. പേയിംഗ് കൗണ്ടറിനു സാമ്പത്തിക ഭദ്രത ഉണ്ടാകുന്ന മുറയ്ക്ക് ബാക്കിയുള്ളവർക്ക് നിയമപ്രകാരമുള്ള വേതനം നൽകുന്നതാണ്.

(ഡി) 1999 മാർച്ച് മാസംവരെ ചാർട്ടേഡ് അക്കൗണ്ടന്റ് പൂർണ്ണമായി ആഡിറ്റ് നടത്തിയിട്ടുണ്ട്. 2002 ഡിസംബർ മാസം എച്ച്. ഡി. എസിലേയും, പേയിംഗ് കൗണ്ടറിലേയും അക്കൗണ്ടുകൾ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗം ആഡിറ്റ് നടത്തിയിട്ടുണ്ട്. കൂടാതെ 2002-2003 വർഷത്തെ ആഡിറ്റ് നടത്തുന്നതിനു വേണ്ടി ചാർട്ടേഡ് അക്കൗണ്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചുള്ള കാന്റീൻ

165 (3880) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് കാന്റീൻ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ കാന്റീൻ നടത്തിപ്പിൽ എച്ച്.ഡി.എസ്.-ന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമുണ്ടോ ;

(ബി) ഈ കാന്റീനിൽ നിന്നുള്ള വരുമാനം എച്ച്. ഡി. എസ്-ന് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly